എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന, വാർഷിക കുടുംബവരുമാനം 24,000 രൂപയിൽ കുറവുള്ള രോഗികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹൃദയ, മസ്തിഷ്ക ശസ്ത്രക്രിയകൾ വൃക്ക മാറ്റിവയ്ക്കൽ, കാൽമുട്ട് ചിരട്ട മാറ്റിവയ്ക്കൽ, മറ്റു ചില സുപ്രധാന അസ്ഥി ശസ്ത്രക്രിയകൾ എന്നീ ചികിത്സകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. നിർദ്ദിഷ്ട അപേക്ഷ ഫോമിലാണ് അപേക്ഷിക്കേണ്ടത്.

ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധി: വാർഷിക കുടുംബ വരുമാനം 24,000 (ഇരുപത്തി നാലായിരം രൂപ മാത്രം) രൂപയിൽ കുറവുള്ള രോഗികൾക്ക് വരുമാന സർട്ടിഫിക്കറ്റ്, മറ്റു ചികിത്സാ ധനസഹായം ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം, രോഗവിവരം കാണിച്ചുകൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിച്ചാൽ ഈ ധനസഹായം ലഭിക്കുന്നതാണ്.

(ഡി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ കണക്ക് ലഭ്യമല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ് & ജി) ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നുള്ള ധന സഹായ വിതരണത്തിന് കാലതാമസമുണ്ടായിട്ടില്ല. എന്നാൽ ഫണ്ടിന്റെ ലഭ്യതയിലു ണ്ടായ കാലതാമസം കാരണം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവറിൽ നിന്നുള്ള ധനസഹായ വിതരണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ട്. 16-7-2004-ലെ കണക്കുപ്രകാരം 2,04,83,648 രൂപ (രണ്ടുകോടി നാലു ലക്ഷത്തി എൺപത്തി മൂവായിരത്തി അറുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) സൊസൈറ്റിയുടെ അക്കൗണ്ടിലുണ്ട്. ആത് എത്രയും വേഗം വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച് & ഐ) ലഘൂകരിച്ച വ്യവസ്ഥകൾ തന്നെയാണ് നിലവിലുള്ളത്. അപേക്ഷകളുടെ എണ്ണം വളരെ കൂടുതലും ഇപ്പോൾ കൈവശമുള്ള ഫണ്ട് കുറവും ആയതിനാൽ അനുവദിക്കുന്ന പരമാവധി തുകയിൽ കുറവ് വരുത്തുന്നതിനും അതുവഴി കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു.

ആരോഗ്യ വകുപ്പിലെ മരാമത്ത് പണികൾ

119 [3509] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ എത്ര കോടി രൂപയുടെ മരാമത്ത് പണികൾ പ്രതിവർഷം നടക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വകുപ്പ് ഏതെല്ലാം തരത്തിലുള്ള പണികൾ നേരിട്ട് നടത്തുന്നുണ്ട്; ഏതെല്ലാം തരത്തിലുള്ള ജോലികൾ സ്വകാര്യ കരാറുകാർക്ക് നൽകുന്നുണ്ട്;

(സി) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ സിവിൽ ഡിവിഷന് വർക്കുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 4210 (അലോപ്പതി), 4211 (ഫാമിലി വെൽഫെയർ) എന്നീ ശീർഷകങ്ങളിൽ നിന്നും 2003-04 വർഷത്തിൽ മരാമത്ത് പണികൾക്കായി യഥാക്രമം 440.37 ലക്ഷം രൂപയും 109.27 ലക്ഷം രൂപയും (ഷെയർ ഡെബിറ്റ് ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. ആർ. സി. എച്ച്. പദ്ധതിയുടെ ഭാഗമായി 1999 മുതൽ 2004 വരെ 8.77 കോടി രൂപയുടെ മരാമത്ത് പണികൾ നടത്തുകയുണ്ടായി. പദ്ധതിയിനത്തിൽ ചെറുകിട മരാമത്ത് പണികൾക്കും അറ്റകുറ്റപ്പണികൾക്കുമായി 2003-04 സാമ്പത്തിക വർഷം 1.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 62,50,658 (അറുപത്തിരണ്ടു ലക്ഷത്തി അൻപതിനായിരത്തി അറുന്നൂറ്റി അൻപത്തിയെട്ട്) രൂപയുടെ മരാമത്ത് പണി കൊല്ലം ജില്ലയിൽ നടത്തുകയുണ്ടായി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഏകദേശം 15 കോടി രൂപയുടെ മരാമത്ത് പണികൾ പ്രതിവർഷം നടക്കുന്നുണ്ട്.

(ബി) ആർ. സി. എച്ച് പദ്ധതിയുടെ ഭാഗമായ എല്ലാ പണികളും ജില്ലാ/ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പാണ് നടത്തുന്നത്.

മെഡിക്കൽ കോളേജുകളിലേയും മെഡിക്കൽ കോളേജ് ആശുപത്രികളിലേയും പണികളെല്ലാം തന്നെ പൊതുമരാമത്ത് വകുപ്പും കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. എന്നിവയുമാണ് നടത്തുന്നത്.

ഒരുപണിയും സ്വകാര്യ കരാറുകാർക്ക് നേരിട്ട് നൽകാറില്ല.

(സി) താഴെപ്പറയുന്ന വർക്കുകൾ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

1. തിരുവനന്തപുരം തൈക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ ലാബ് മുതലായവ സ്ഥാപിക്കുന്നതിനുള്ള ജോലികൾ (3,15,250 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

2. തിരുവനന്തപുരം തൈക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ അറ്റകുറ്റപ്പണികൾ (3,06,030 രൂപ)

3. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഒരു മിനി കോൺഫറൻസ് ഹാളും, ഡോക്കുമെന്റേഷൻ സെന്ററും ഫർണിഷ് ചെയ്തതുമായി ബന്ധപ്പെട്ട ജോലികൾ (4,86,632 രൂപ)

മെഡിക്കൽ കോളേജുകളിലെ ഹെൽത്ത് എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ ഒഴിവുകൾ

120 [3510] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹെൽത്ത് എഡ്യൂക്കേഷൻ വിഭാഗത്തിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ എന്നുമുതൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) 31-3-2003-നുശേഷം എത്ര ഡി. പി. സി. (ലോവർ/ഹയർ)-കൾ ചേർന്നിട്ടുണ്ട്;

(ഡി) പ്രൊമോഷൻ ലഭിക്കാതെ പെൻഷൻപറ്റിപ്പിരിയുന്ന അവസ്ഥ ഒഴിവാക്കി പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹെൽത്ത് എഡ്യൂക്കേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ മാരുടെ 3 ഒഴിവുകളാണ് നിലവിലുള്ളത്. ഒഴിവുകൾ ഉണ്ടായത് 1-5-1999, 1-5-2001, 1-5-2003 എന്നീ തീയതികളിലാണ്.

(ബി) സെലക്ട് ലിസ്റ്റിന്റെ അഭാവം മൂലമാണ് ഒഴിവുകൾ നികത്താതിരുന്നത്.

(സി) 31-3-2003-ന് ശേഷം ലോവർ ഡി. പി. സി. 4 തവണയും ഹയർ ഡി. പി. സി. 6 തവണയും ചേർന്നിട്ടുണ്ട്.

(ഡി) പ്രൊമോഷൻ ലഭിക്കാതെ പെൻഷൻപറ്റി പിരിയേണ്ടിവരുന്ന അവസ്ഥ യുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly